# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.192

11..06..2012 - ൽ ബഹു: ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

**ചോദ്യം**

ശ്രീ. കെ.കെ. നാരായണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി,
ബഹു: ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| എ | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽ ഏതെല്ലാം തസ്തികകളാണ് ഉളളത് എന്ന് വ്യക്തമാക്കാമോ; | ചീഫ് ടെക്നിക്കൽ എക്സാമിനറുടെ ഓഫീസിൽ ചീഫ് ടെക്നിക്കൽ എക്സാമിനർ, അസിസ്റ്റൻറ് ചീഫ് ടെക്നിക്കൽ എക്സാമിനർ, ടെക്നിക്കൽ എക്സാമിനർ, അസിസ്റ്റൻറ് ടെക്നിക്കൽ എക്സാമിനർ, അസിസ്റ്റൻറ് എഞ്ചിനീയർ, ഡിവിഷണൽ അക്കൗണ്ടൻറ്, സെക്ഷൻ ഓഫീസർ, പേഴ്സണൽ അസിസ്റ്റൻറ്, അസിസ്റ്റൻറ്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡൻറ്, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണുളളത് |
| ബി | ഇതിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് എന്ന് വിശദമാക്കാമോ; | ചീഫ് ടെക്നിക്കൽ എക്സാമിനർ (1 ഒഴിവ്), ടെക്നിക്കൽ എക്സാമിനർ (3 ഒഴിവ്) അസിസ്റ്റൻറ് ടെക്നിക്കൽ എക്സാമിനർ (5 ഒഴിവ്), എന്നീ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത് |

| | | |
|---|---|---|
| സി | 2011 ജൂലൈ മാസത്തിനു ശേഷം ഏതെല്ലാം തസ്തികകൾ എത്രകാലം ഒഴിഞ്ഞുകിടന്നു എന്ന് തസ്തിക തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ? | ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തിക 06.11.2011 മുതലും, അസിസ്റ്റൻറ് ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തിക 24.11.2011 മുതൽ 07.03.2012 വരെയും ഒഴിഞ്ഞുകിടന്നു. 2011 ജൂലൈ മാസത്തിനു ശേഷം ടെക്നിക്കൽ എക്സാമിനർ തസ്തികയിൽ 3 ഒഴിവുണ്ടായിരുന്നു. 30.09.2011, 02.12.2011, 16.04.2012 എന്നീ തീയതികളിൽ ടെക്നിക്കൽ എക്സാമിനർ തസ്തികയുടെ ഓരോ ഒഴിവുണ്ടായി. ഈ തസ്തികകളെല്ലാം 31.05.2012 വരെ ഒഴിഞ്ഞുകിടന്നു. |

സെക്ഷൻ ഓഫീസർ